**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1795** **15-03-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.ക്ക് ഇലക്ട്രിക് ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.ക്ക് ഇലക്ട്രിക് ബസ്സുകൾ ഉണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണം എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 2018 നവംബർ മാസത്തിൽ വെറ്റ് ലീസ് അടിസ്ഥാനത്തിൽ 31 സീറ്റുള്ള 10 A/C ഇലക്ട്രിക് ബസ്സുകളാണ് M/s മഹാവോയേജ് എൽ.എൽ.പി എന്ന സ്ഥാപനത്തിൽ നിന്നും കെ.എസ്.ആർ.ടി.സി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ഈ ബസ്സുകൾ ഉപയോഗിച്ചുള്ള ദീർഘദൂര സർവ്വീസുകൾ ലാഭകരമായി നടത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ ടി ബസ്സുകൾ മുഴുവൻ M/s. മഹാവോയേജിന്റെ പക്കലാണ്. ഇതിൽ രണ്ട് ബസ്സുകൾ കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് ആവശ്യപ്പെട്ട പ്രകാരം ടി സ്ഥാപനത്തിന് M/s മഹാവോയേജ് നൽകിയിരിക്കയാണ്. ആയതിനാൽ നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ ഇലക്ട്രിക് ബസ് സർവ്വീസ് നടത്തുന്നില്ല. എന്നാൽ സർക്കാർ സഹായത്തോടെ കൂടുതൽ ഇലക്ട്രിക് വാഹനങ്ങൾ വാങ്ങി ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി.ക്ക് സി.എൻ.ജി. ഇന്ധനത്തിൽ ഓടുന്ന ബസ്സുകൾ ഉണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണം എന്ന് അറിയിക്കാമോ; | (ബി) | ഉണ്ട്, ഒരു ബസ് ആണ് നിലവിൽ സർവ്വീസ് നടത്തുന്നത്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി സി.എൻ.ജി., ഇലക്ട്രിക് ബസ്സുകൾ കെ.എസ്.ആർ.ടി.സി. വാങ്ങിയിട്ടുണ്ടോ; പുതിയവ വാങ്ങാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (സി) | വാങ്ങിയിട്ടില്ല. KIIFB ധനസഹായത്താൽ 310 സി.എൻ.ജി. ബസുകൾ വാങ്ങുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇലക്ട്രിക് ബസുകൾ 50 എണ്ണം വാങ്ങുന്നതിനായി വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ